ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ തസ്തിക എൽ. ഡി. ക്ലാർക്കിന്റെ തസ്തികയ്ക്കു തുല്യമാക്കുന്നതിന് നടപടി

8 (3196) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടറിയേറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ തസ്തിക എൽ. ഡി. ക്ലാർക്കിന്റെ തസ്തികയ്ക്ക് തുല്യമാക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിൻമേൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ക്ലറിക്കൽ അസിസ്റ്റന്റുകൾ എൽ. ഡി. ക്ലാർക്കുമാരായി ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഇല്ലെങ്കിൽ ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് എൽ.ഡി.ക്ലാർക്കിന്റെ തസ്തികയിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി & സി) ചില ക്ലറിക്കൽ അസിസ്റ്റന്റുമാരുടേതായി ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) ആവശ്യം പരിഗണനാർഹമല്ല.

(ഇ) നിലവിലില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

തൃശൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

9 (3197) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തൃശൂർ ജില്ലയിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓരോ രാഷ്ട്രീയ പാർട്ടിയിലുംപെട്ട എത്ര പേർ മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഈ പ്രതികൾ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹൗസ് കീപ്പിംഗ് സെല്ലിന്റെ ഘടന

10 (3198) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ ഹൗസ് കീപ്പിംഗ് സെല്ലിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഹൗസ് കീപ്പിംഗ് സെല്ലിന്റെ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ജോലി കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഹൗസ് കീപ്പിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹൗസ് കീപ്പിംഗ് സെല്ലിൽ രണ്ട് സെക്ഷനുകളും ഒരു അണ്ടർ സെക്രട്ടറിയും ഒരു അഡിഷണൽ സെക്രട്ടറി (വെൽഫെയർ ഓഫീസർ)യും ഉണ്ട്. ഈ സെല്ലിന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി അനുബന്ധം-1 ൽ ചേർക്കുന്നു.*

(ബി) അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly